B

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

503

# വാർഷിക മൂല്യനിർണയം 2015-2016

## ഗണിതം

ക്ലാസ്സ് V


സമയം: 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:**

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

1. (a) 8 സെ. മി നീളവും 6 സെ.മി വീതിയുമുള്ള ഒരു ചതുരം വരയ്ക്കുക.
   (b) ചതുരത്തിന്റെ എതിർമൂലകൾ യോജിപ്പിച്ച് രണ്ട് വരകൾ വരയ്ക്കുക.
   (c) ഈ വരകൾ വ്യാസമായി വരത്തക്കവിധം ഒരു വൃത്തം വരയ്ക്കുക.

2.




ചിത്രത്തിൽ ഒരു ചതുരത്തെ 4 ചതുരങ്ങളായി ഭാഗിച്ചിരിക്കുന്നു.

(a) ഒന്നാമത്തെ ചതുരത്തിന്റെ പരപ്പളവ് എത്ര ?

(b) രണ്ടാമത്തെ ചതുരത്തിന്റെ നീളവും വീതിയും എഴുതുക ?

(c) പുറത്തെ വലിയ ചതുരത്തിന്റെ പരപ്പളവ് എത്ര ?

3. വെട്ടൂർ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയുടെ ഭാഗമായി 205 ബി പി എൽ കുടുംബങ്ങൾക്ക് എൽ ഇ ഡി ബൾബുകൾ നൽകാനായി 1 ലക്ഷം രൂപ നീക്കിവെച്ചു. ഒരു കുടുംബത്തിന് 156 രൂപയുടെ 2 ബൾബുകളും 210 രൂപയുടെ ഒരു ബൾബുമാണ് നൽകുന്നത്.

   (a) ഒരു കുടുംബത്തിന് ആകെ എത്ര രൂപയുടെ ബൾബുകളാണ് ലഭിക്കുന്നത് ?
   (b) പഞ്ചായത്തിന് ബൾബുകൾ വാങ്ങുന്നതിനായി എത്ര രൂപ ചെലവാകും ?
   (c) ബൾബുകൾ വാങ്ങാൻ പഞ്ചായത്ത് ഇനി എത്ര രൂപ കൂടി നീക്കി വെയ്ക്കണം ?

4. ഉത്തരമെഴുതുക

   (a) താഴെകൊടുത്തിരിക്കുന്നവയിൽ 6 ന്റേയും 9 ന്റേയും ഗുണിതമായ സംഖ്യ ഏത് ?

   (A) 63 (B) 36 (C) 43 (D) 48

   (b) 6 ന്റെയും 9 ന്റെയും ഏറ്റവും ചെറിയ പൊതുഗുണിതമേത് ?

(c) 144 നെ അഭാജ്യ സംഖ്യകളുടെ ഗുണനഫലമായി എഴുതുക.


(d) രണ്ടു സംഖ്യകളുടെ ഗുണനഫലം 64 ആണ് അവയുടെ വൻ പൊതുഘടകം 4 ആയാൽ ചെറു പൊതുഗുണിതം എത്ര ?

5. (a) 15 കിലോഗ്രാം അരി 4 ചെറിയസഞ്ചികളിലായി തുല്യമായി നിറയ്ക്കുന്നു.ഒരു സഞ്ചിയിൽ എത്ര കിലോഗ്രാം അരിയുണ്ട്.?

(b) 2 കിലോഗ്രാം പയർ 3 ചെറിയസഞ്ചികളിലായി തുല്യമായി നിറയ്ക്കുന്നു.ഒരു സഞ്ചിയിൽ എത്ര കിലോഗ്രാം പയറുണ്ട് ?

(c) അരി, പയർ എന്നിവ നിറച്ച ഓരോ സഞ്ചികൾ അമ്മുവിന് ലഭിച്ചു. അവയുടെ ആകെ ഭാരമെത്ര കിലോഗ്രാം ?

6. 2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ ചില സംസ്ഥാനങ്ങളുടെ സാക്ഷരതാ നിരക്കാണ് ബാർ ഡയഗ്രത്തിൽ നൽകിയിരിക്കുന്നത്.




ഇവയിൽ

(a) സാക്ഷരതാ നിരക്ക് ഏറ്റവും കൂടുതലുള്ള സംസ്ഥാനം ഏത് ?

(b) സാക്ഷരതാ നിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനം ഏത് ?

(c) 70 നും 80 നും ഇടയിൽ സാക്ഷരതാ നിരക്കുള്ള സംസ്ഥാനങ്ങൾ ഏതെല്ലാം?

(d) സാക്ഷരതാ നിരക്കിന്റെ അടിസ്ഥാനത്തിൽ കൂടിയതിൽ നിന്ന് കുറഞ്ഞതിലേക്ക് സംസ്ഥാനങ്ങൾ ക്രമമായി എഴുതുക.

(e) ബാർ ഡയഗ്രത്തെ അടിസ്ഥാനമാക്കി ഒരു ചോദ്യം തയ്യാറാക്കുക.